ശ്രീ. ടി. വി. ദേവൻ: ഓവർ ലോഡിംഗ് നിമിത്തമാക്കിയതുകൊണ്ട് (കറുപ്പുമന്പ്) യാത്രക്കാർ രണ്ടു മണിക്കൂർ മുതൽ നാലു മണിക്കൂർ വരെ കാത്തിരുന്ന കഷ്ടപ്പെട്ടതായി അറിയാമോ?

ശ്രീ. സി. കേശവൻ: ആവശ്യമുള്ളവർ കഷ്ടപ്പെട്ടിരിക്കും.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: മോണോ പ്രൈസ് ചെയ്ത റൂട്ടിൽ പ്രൈവറ്റ സർവ്വീസ് അനുവദിച്ചു കൊടുക്കുന്നില്ലേ?

ശ്രീ. സി. കേശവൻ: ഇല്ല.

പണാപഹരണം

* ൨൫൭. (൭) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി അടിയിൽ കുറിക്കുന്ന ചോദ്യങ്ങൾക്ക് സദയം മറുപടി നൽകുമോ.—

(എ) ൧൯൫൫-ാമാണ്ടിനു ശേഷം ൪൫-ാംനമ്പർ (കൊച്ചി) എടവിലങ്ങ് ഫിഷ് മാർക്കറ്റിംഗ് കോവാപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രസിഡൻറും ഖജാൻജിയുമായിരുന്നവർ ആരെല്ലാം?

(ബി) ആ സൊസൈറ്റിവക ൧൯൫൭-ൽ പരം രൂപാ അപഹരിച്ചതായി ബഹുമാനപ്പെട്ട മന്ത്രിമാർക്കും, ചീഫ് സെക്രട്ടറിക്കും, സഹകരണസംഘം രജിസ്ട്രാക്കും പരാതികൾ ലഭിച്ചിട്ടുണ്ടോ;

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി): (എ) ൧൯൫൫, ൧൯൫൬, ൧൯൫൭ ഇയ്യാണ്ടുകളിൽ പ്രസിഡണ്ടായിരുന്നത് ഫിഷറി സൂപ്രണ്ട് ശ്രീ. പി. കേശവനാണ്.

൧൯൫൫-ൽ ഖജാൻജി തായാട്ടുപറമ്പിൽ വീരൻ കുഞ്ഞുകമ്പളിക്കൽ കറുപ്പൻ.

൧൯൫൬-ൽ കെ. എ. കറുപ്പൻ.

൧൯൫൭-ൽ കുഞ്ഞുങ്കം അടിമവേലായി.

(ബി) ഉണ്ട്. അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. റഫേൽ ജെ. റൊഡ്രിംഗ്സ്: ഈ പരാതി കിട്ടിയിട്ട് എത്ര കാലമായെന്നു പറയാമോ?

ശ്രീ. എൽ. എം. പൈലി: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

അടിസ്ഥാനശമ്പളം

* ൨൫൭൮. (൮) ശ്രീ. പി. കെ. കുമാരനാചാരി. താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

ഈ സംസ്ഥാനത്തെ ഗവൺമെൻറുദ്യോഗസ്ഥന്മാരുടെ ഏറ്റവും കുറഞ്ഞ ശമ്പളം എത്രയാണ്?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): സ്ഥിരപ്പാവണമുൾപ്പെടെ സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ഏറ്റവും കുറഞ്ഞ ശമ്പളം ൨൦ രൂപയും ക്ഷാമബത്ത ൨൨ രൂപയും ആകുന്നു. മുഴുവൻ സമയവും ജോലി ചെയ്തുകൊണ്ടിരിക്കുന്ന കണ്ടിൻജൻസി ജീവനക്കാരുടെ ശമ്പളം ൨൦ രൂപയും ക്ഷാമബത്ത ൨൦ രൂപയുമാകുന്നു.

ശ്രീ. കെ. രാമചന്ദ്രൻ: സർക്കാർ ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തോതു് ഉയർത്താൻ ഗവൺമെൻറിനു വല്ല ആലോചനയുമുണ്ടോ?

ശ്രീ. സി. കേശവൻ: ഇപ്പോൾ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly